**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4547** **19-03-2025 - ൽ മറുപടിയ്ക്ക്**

**വിംഗ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ആധുനിക കാലഘട്ടത്തിലെ മികച്ച തൊഴിലുകൾ നേടിയെടുക്കുന്നതിനുള്ള ശേഷിയും പരിശീലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് . പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആധുനിക കാലഘട്ടത്തിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് വേണ്ടി വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലനം നടപ്പിലാക്കി വരുന്നുണ്ട്. സാങ്കേതികം, ഇലക്ട്രിക്കൽ, വിവര, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട് . കൂടാതെ പരിശീലനം നേടുന്ന പരിശീലകർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി വിങ്സ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. എൻജിനീയറിങ്, നഴ്സിംഗ്, |

| | | | |
|---|---|---|---|
| | | | പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |
| (ബി) | വ്യോമയാന മേഖലയിലെ മികച്ച തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുന്ന വിവിധ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ സഹായിക്കുന്ന വിംഗ്സ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) | 17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ 14പട്ടിക ജാതി വിദ്യാർത്ഥികൾ പരിശീലനം പൂർത്തിയാക്കുകയും, 3 വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. സ്കോളർഷിപ്പ് അനുവദിച്ച മൂന്ന് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസവും പരിശീലനവും ലഭിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകികൊണ്ട് ഓരോ അധ്യയന വർഷവും തെരഞ്ഞെടുക്കുന്ന 3 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും 2 പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കും ഒരു ഒ.ഇ.സി വിദ്യാർത്ഥിക്കും സ്ഥാപനത്തിൽ കൊമേഴ്സ്യൽ ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്നു . |
| (ഡി) | വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുള്ള കോഴ്സുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പരിശീലനത്തിന് ആവശ്യമായ തുക പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം ഘട്ടം ഘട്ടമായി അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ